# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3162 13.03.2017-ൽ മറുപടിയ്ക്ക്.

## പദ്ധതികൾ നടപ്പാക്കുന്നതിലെ കാലതാമസം

| | ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | ആസ്തി വികസന പദ്ധതി മുഖേന എം.എൽ.എ മാർ ശിപാർശ ചെയ്ത്, എക്സിക്യൂട്ടീവ് എഞ്ചിനീയർ വഴി എസ്റ്റിമേറ്റ് സഹിതം വരുന്ന പദ്ധതികൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ചീഫ് എഞ്ചിനീയർ ഓഫീസിൽ അനാവശ്യ കാലതാമസം വരുത്തുന്നതായുള്ള പരാതികൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | നടപടി സ്വീകരിച്ചിട്ടുണ്ട് |
| (ബി) | കോട്ടയം ജില്ലയിലെ പ്രോജക്ടുകൾക്ക് രണ്ട് മുതൽ അഞ്ചുമാസം വരെ ചീഫ് എഞ്ചിനീയർ ഓഫീസിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം എത്ര പദ്ധതികൾ നിലവിലുണ്ട് എന്നറിയിക്കാമോ; ഇതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഏകദേശം 10 പദ്ധതികൾ ഉണ്ട്. എക്സിക്യൂട്ടീവ് എഞ്ചിനീയർമാരിൽ നിന്നും ലഭ്യമാകുന്ന എസ്റ്റിമേറ്റിലെ അപാകതകൾ കാരണമാണ് കാലതാമസം നേരിടുന്നത്. |

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതികളുടെ എസ്റ്റിമേറ്റിൽ തകരാറുണ്ടെങ്കിൽ, ബന്ധപ്പെട്ട എം.എൽ.എ.യെയും ഉദ്യോഗസ്ഥരെയും എത്ര ദിവസത്തിനകം വിവരം അറിയിച്ചു എന്ന് വ്യക്തമാക്കാമോ; ഇതിന് ഉത്തരവാദികളായവരെ കണ്ടെത്തി നടപടി സ്വീകരിക്കുമോ ; | | ഒരാഴ്ചക്കുള്ളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ വിവരമറിയിക്കുന്നുണ്ട്. മന:പൂർവ്വമായി ഈ വിഷയത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർ നിലവിലില്ല. |
| (ഡി) | തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ചീഫ് എഞ്ചിനീയർ ഓഫീസിൽ അനാവശ്യമായി ഫയലുകളിലും എസ്റ്റിമേറ്റുകളിലും റിമാർക്കുകൾ രേഖപ്പെടുത്തുന്നതായും സർക്കാരിലേക്ക് അയക്കേണ്ട ഫയലുകൾ ഒപ്പിടാതെ മാറ്റി വയ്ക്കുന്നതായുമുള്ള വ്യാപക പരാതി പരിശോധിച്ച് നടപടി സ്വീകരിക്കുമോ; ഇത്തരം എത്ര പ്രോജക്ടുകൾ കഴിഞ്ഞ രണ്ട് മാസമായി നിലവിലുണ്ട് എന്നറിയിക്കാമോ? | (ഡി) | ആസ്തി വികസന പദ്ധതി മുഖേന ലഭിക്കുന്ന എല്ലാ ശുപാർശകളിന്മേലും എസ്റ്റിമേറ്റുകൾ അടിയന്തിരമായി ലഭിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നല്കിയിട്ടുണ്ട്. പ്രോജക്ടുകളുടെ വിശദാംശങ്ങൾ ലഭ്യമല്ല. |

[signature]

**സെക്ഷൻ ഓഫീസർ**